(ബി) മിച്ചഭൂമി, വനം എന്നിവയുമായി ബന്ധപ്പെട്ട കേസുകളിൽ കുടിയൊഴിപ്പിക്കപ്പെടുന്ന കർഷകർക്ക് വാസസ്ഥലത്തിനായി മിനിമം ഭൂമി അനുവദിച്ചു നൽകുന്ന പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലവിൽ പ്രത്യേക പദ്ധതികൾ ഒന്നുമില്ല.

വിനോദ നഗർ ഭൂദാന കോളനിവാസികൾക്ക് പട്ടയം

294(4304) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിൽപ്പെട്ട അയ്യല്ലൂർ വിനോദനഗർ ഭൂദാന കോളനിയിലുള്ള കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാക്കിയിട്ടുണ്ടോ?

ഇരിട്ടി താലൂക്ക് കൊളാരി അംശം അയല്ലൂർ ദേശം റിസ 35-ൽ വിനോദ നഗർ കോളനിയിലെ 37 കുടുംബങ്ങൾക്ക് ഭൂദാൻ പതിച്ചു നൽകൽ ചട്ടങ്ങൾ 1962 പ്രകാരം 37 പേർക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്.

(ബി) അൻപതോളം കുടുംബങ്ങൾ താമസിക്കുന്ന പ്രസ്തുത കോളനി നിവാസികൾക്ക്, ബാങ്ക് വായ്പ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് ഉപകാരപ്രദമാകുന്ന തരത്തിൽ പട്ടയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇത്തരത്തിൽ സിദ്ധിച്ച ഭൂമി പരമ്പരാഗതമായി അനുഭവിക്കാവുന്നതും എന്നാൽ അന്യാധീനപ്പെടുത്താൻ പാടില്ലാത്തതുമാണ്. ബാങ്ക് വായ്പ നൽകാവുന്ന വിധത്തിൽ വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കാവുന്നതാണ്.

പട്ടയം ലഭ്യമാക്കാൻ നടപടി

295(4305) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 25-30 വർഷങ്ങൾക്ക് മുമ്പ് പഞ്ചായത്തുകളുടെ നേതൃത്വത്തിൽ ഭൂരഹിതർക്കായി നടപ്പിലാക്കിയ '4 സെന്റ് കോളനി പദ്ധതി' പ്രകാരം വസ്തു ലഭിച്ചവർക്ക് ഇപ്പോഴും പ്രസ്തുത ഭൂമി പരമ്പരാഗതമായി കൈമാറ്റം ചെയ്യാമെന്നല്ലാതെ പട്ടയം ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവർക്ക് പട്ടയം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(എ&ബി) നാല് സെന്റ് കോളനി പദ്ധതി പ്രകാരം വസ്തു ലഭിച്ചവരിൽ പട്ടയം ലഭിക്കാത്തവർക്ക് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട പഞ്ചായത്തിന്റെ അനുവാദപത്രികയുടെ അടിസ്ഥാനത്തിൽ പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ 20-5-1997-ലെ ജി.ഒ (എം.എസ്.) 355/97/ആർ.ഡി, 30-6-2015-ലെ ജി.ഒ. (എം.എസ്) 289/2015/റവ എന്നീ ഉത്തരവുകളിൽ ലക്ഷം വീട് പദ്ധതി, മറ്റ് ഗ്രാമീണ ഭ്രരഹിത തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരവും ഭൂമി അനുവദിക്കപ്പെട്ടവർ അന്യാധീനപ്പെടുത്തിക്കഴിഞ്ഞ സ്ഥലത്തിന്റെ നിലവിലുള്ള കൈവശക്കാർ അർഹരും, സാമ്പത്തികമായി ദുർബല വിഭാഗത്തിൽപ്പെട്ടവരാണെങ്കിലും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ അംഗീകരിക്കുന്ന പക്ഷം പട്ടയം നൽകാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ആയവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. എന്നാൽ പഞ്ചായത്ത് വ്യക്തികളിൽ നിന്നും വിലയ്ക്ക് വാങ്ങി നാല് സെന്റ് കോളനിക്കായി നൽകിയ ഭൂമിയിൽ പല പഞ്ചായത്തുകളിലും ആവശ്യമായ രേഖകൾ ലഭ്യമല്ലാത്ത അവസ്ഥയുണ്ട്. ഇത്തരം ഭൂമികൾ സർക്കാരിൽ നിക്ഷിപ്തമാക്കി പട്ടയം നൽകുന്നതിന് സാധ്യമാണോ എന്ന വിഷയം പരിശോധിക്കുന്നതാണ്.

മലയോര പട്ടയം നൽകുന്നതിന് നടപടി

296(4306) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ വർഷങ്ങളായി കഴിഞ്ഞുവരുന്ന അർഹരായ മുഴുവൻ പേർക്കും മലയോര പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിധേയമായി തൃശ്ശൂർ ജില്ലയിൽ അർഹരായ മുഴുവൻ പേർക്കും മലയോര പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. തൃശ്ശൂർ ജില്ലയിൽ 1-1-1977-ന് മുമ്പ് വനഭൂമി കൈവശം വച്ച് വരുന്നവർക്ക് 1993 ലെ പ്രത്യേക ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരവും വിവിധ വിഷയങ്ങളിൽ നിലനിന്നിരുന്ന സാങ്കേതിക തടസ്സങ്ങൾ നീക്കിക്കൊണ്ട് സ.ഉ(കൈ). 189/2019/ റവ. തീയതി 22-6-2019, സ.ഉ(കൈ). 90/2020/റവ. തീയതി 6-3-2020 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം നൽകിയ പ്രത്യേക അനുമതികളുടെ അടിസ്ഥാനത്തിലും പതിവ് നടപടികൾ തുടർന്നു വരുന്നു. കേന്ദ്രാനുമതി ലഭിച്ചവരിൽ 4920 അപേക്ഷകളിലായി 1419.7716 ഹെക്ടർ ഭൂമി ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മാത്രം 1949 വനഭൂമി പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതും ആയതും ചാലക്കുടി താലൂക്കിൽ വിതരണം ചെയ്ത 7 പട്ടയങ്ങളും ഉൾപ്പടെ 956 പട്ടയങ്ങളാണ് കൃഷി ആവശ്യത്തിനായി പതിച്ചു കൊടുത്തിട്ടുള്ളത്.